റയുന്നത് ആദിവാസികളുടെ സമ്പത്താണ്' എന്നുള്ള സമീപനമാണ്. പക്ഷേ ഞാൻ മനസിലാക്കിയിട്ടുള്ളത് ശരിയാണെങ്കിൽ 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടും നമ്മുടെ കാഴ്ചപ്പാടും തമ്മിൽ ചില പൊരുത്തക്കേടുകളുണ്ട്. ആ പൊരുത്തക്കേടുകൾകൊണ്ടുള്ള പ്രശ്നങ്ങളാണ് ഉണ്ടായിട്ടുള്ളത്. ആ പൊരുത്തക്കേട് ഇല്ലാതാക്കി ആദിവാസികൾക്ക് വീട് നിർമ്മിച്ച് കൊടുക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ തടസ്സമുണ്ടാകാതിരിക്കാൻ ഞാൻ പ്രത്യേകം ചർച്ചചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

3 (*257) തടിലേലം

ശ്രീ. അടൂർ പ്രകാശ് :
ശ്രീ. വി. ബാലറാം :
ശ്രീ. പി.ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തടി ഡിപ്പോകളിൽനിന്നും തടികളും വനോൽപ്പന്നങ്ങളും ലേലം ചെയ്യുന്നതിനും ലേലം കൊള്ളുന്നതിനും ഉള്ള നിബന്ധനകളിൽ ഈയിടെ മാറ്റം വരുത്തുകയുണ്ടായോ;

(ബി) എങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്താണെന്നും അവ എന്നുമുതലാണ് പ്രാബല്യത്തിൽ വരുത്തിയതെന്നും വ്യക്തമാക്കുമോ;

(സി) ഈ മാറ്റം വരുത്തിയതുമൂലം സംസ്ഥാനത്തെ ചെറുകിട ഇടത്തരം തടി വ്യാപാരികൾ വ്യാപാരം തുടരാനാവാതെ ബുദ്ധിമുട്ടുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ചെറുകിട/ഇടത്തരം വ്യാപാരികൾക്ക് ബുദ്ധിമുട്ടുണ്ടാകാത്ത തരത്തിൽ ലേല വ്യവസ്ഥകളിൽ മാറ്റം വരുത്താൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ഡോ. എ. നീലലോഹിതദാസൻ നാടാർ) :

(എ) മാറ്റം വരുത്തുകയുണ്ടായി.

(ബി) വരുത്തിയ മാറ്റങ്ങൾ അടങ്ങുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുന്നു.† പുതുക്കിയ ലേല നിബന്ധനകൾ 1999 ജനുവരി ഒന്നാം തീയതി മുതലാണ് പ്രാബല്യത്തിൽവരുത്തിയത്.

(സി)&(ഡി) 5.11.98-ലെ ഉത്തരവു പ്രകാരം ചുരുങ്ങിയ ലേല നിബന്ധനകൾ പ്രാബല്യത്തിൽ വന്നതിനെത്തുടർന്ന് തടി വ്യാപാരികൾ നൽകിയ നിവേദനങ്ങൾ പരിഗണിച്ചതിനുശേഷം 4.3.99-ലെ സർക്കാർ ഉത്തരവുപ്രകാരം ലേല വ്യവസ്ഥകളിൽ ചില മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്.

4 (*271) വനംവകുപ്പു നടത്തുന്ന തടിലേലം

ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

സഭ ഇപ്പോൾ പിരിയുന്നതും തിങ്കളാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

1999 ഏപ്രിൽ മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്ക് ശേഷം 12.35 ന് പിരിഞ്ഞു.

അനുബന്ധം I

നക്ഷത്രചിഹ്നമിട്ട ചോദ്യം 3 (*257) കാണുക

<u>ലേല നിബന്ധനകളിൽ വരുത്തിയ മാറ്റങ്ങൾ</u>

1. ലേലത്തിൽ പങ്കുകൊള്ളാൻ ഉദ്ദേശിക്കുന്നവർ ലേലം തുടങ്ങുന്നതിനുമുൻപ് നിരതദ്രവ്യമായി ചന്ദനത്തിന് 50,000/-രൂപയും തേക്ക്, ഈട്ടി എന്നിവയ്ക്ക് 10,000/-രൂപയും മറ്റു തടികൾക്ക് 5,000/-രൂപയും മറ്റു വനവിഭവങ്ങൾക്ക് 1,000/-രൂപയും പണമായി കെട്ടിവയ്ക്കണം. മുൻപ് ഇവ യഥാക്രമം 10,000/-രൂപ, 5,000/-രൂപ, 2,000/-രൂപ, 500/-രൂപ എന്നീ ക്രമത്തിലായിരുന്നു.

2. ലേലത്തിൽ കൂട്ടിവിളിക്കുന്ന ഏറ്റവും കുറഞ്ഞ സംഖ്യ തേക്ക്, ഈട്ടി എന്നിവ ഒഴികെയുള്ള മറ്റിനം തടികൾക്ക് ക്യൂബിക് മീറ്ററിന് 25/-രൂപയും 1, 2 ക്ലാസ്സുകളിൽപ്പെട്ട തേക്കുകഴകൾക്ക് ഓരോ എണ്ണത്തിന് 25/-രൂപയും 3, 4 ക്ലാസ്സുകളിൽപ്പെട്ട തേക്കുകഴകൾക്ക് ഓരോ എണ്ണത്തിന് 5/-രൂപയും 5-ാം ക്ലാസ് തേക്കുകഴ, കപ്പുകാൽ എന്നിവയ്ക്ക് ഓരോ എണ്ണത്തിന് 2/-രൂപയും തേക്ക്, ഈട്ടി ബില്ലറ്റുകൾക്ക് മെട്രിക് ടണ്ണിന് 50/-രൂപയും വിറകിന് മെട്രിക് ടണ്ണിന് 10/-രൂപയും മറ്റു വനവിഭവങ്ങൾക്ക് 10/-രൂപയുമാണ്. മുൻപ് ഇവ തേക്ക്, ഈട്ടി എന്നിവ ഒഴികെയുള്ള മറ്റിനം തടികൾക്ക് ക്യൂബിക് മീറ്ററിന് 25/-രൂപയും 1, 2, 3 ക്ലാസ്സുകളിൽപ്പെട്ട തേക്കുകഴകൾക്ക് 25/-രൂപയും മറ്റു വനവിഭവങ്ങൾക്ക് 2/-രൂപയുമായിരുന്നു.

3. ലേലം കൊള്ളുന്ന ആൾ ലേലം കഴിഞ്ഞാലുടനെ മൊത്തം ലേല സംഖ്യ 10,000/-രൂപയിൽ കുറവാണെങ്കിൽ മുഴുവൻ തുകയും അതിൽ കൂടുതലാണെങ്കിൽ 1/5 ഭാഗം ലേലത്തുക കുറഞ്ഞത് 10,000/-രൂപയും കൂടിയത് ഒരു ലക്ഷം രൂപയും എന്ന കണക്കിൽ പണമായോ ഡ്രാഫ്റ്റായോ ഒടുക്കണം. 1/5 ഭാഗം വരുന്ന ബാക്കി ലേലത്തുക ഒരുലക്ഷം രൂപയിൽ കൂടുതലാണെങ്കിൽ അത് ലേലദിവസം കഴിഞ്ഞുള്ള 7 ദിവസത്തിനകം അടയ്ക്കണം. മുൻപ് മൊത്തം ലേലത്തുകയുടെ 1/3 ഭാഗമോ 20,000/-രൂപയോ ഏതാണ് കുറവ് അത് ലേലം കഴിഞ്ഞാലുടനെ കെട്ടിവയ്ക്കണമെന്നതായിരുന്നു.

4. ലേലത്തുക മുഴുവൻ അടച്ചതിനുശേഷം നീക്കംചെയ്യാതെ കിടക്കുന്ന തടികൾ തറവാടകയടച്ച് നീക്കം ചെയ്യാവുന്ന കാലാവധി സൗജന്യകാലാവധിയായ രണ്ടുമാസത്തിനുശേഷമുള്ള 4 മാസമാണ്. ഇത് നേരത്തെ 6 മാസമായിരുന്നു.

5. തറവാടക താഴെപ്പറയുംപ്രകാരം പുതുക്കിയിട്ടുണ്ട് :

ഉരുളൻ തടികളും അറപ്പുരുപ്പടികളും	- ആദ്യത്തെ മാസത്തിന് 1 ക്യൂ.മീറ്ററിന് 10/-രൂപ
ഒന്നാം തരവും രണ്ടാം തരവും തേക്കുകഴകൾ	- ആദ്യത്തെ മാസത്തിന് 100 എണ്ണത്തിന് 40/-രൂപ
മൂന്നാം തരവും നാലാം തരവും തേക്കുകഴകൾ	- ദ്യത്തെ മാസത്തിന് 100 എണ്ണത്തിന് 20/-രൂപ

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചാംതരം കഴകൾ. കപ്പുകാൽ എന്നിവയ്ക്ക് തേക്കിന്റെയും ഈട്ടിയുടെയും ബില്ലുറ്റ്സ്	- ആദ്യത്തെ മാസത്തിന് 10/- രൂപ
വിറക്	- ആദ്യത്തെ മാസത്തിന് ടണ്ണിന് 5/- രൂപ
മുള	- ആദ്യത്തെ മാസത്തിന് 100 എണ്ണത്തിന് 20/- രൂപ
ഈറയും ചൂരലും	- ആദ്യത്തെ മാസത്തിന് 100 എണ്ണത്തിന് 5/- രൂപ

ഇവ യഥാക്രമം 2/- രൂപ, 8/- രൂപ, 4/- രൂപ, 2/- രൂപ, 1/- രൂപ, 2/- രൂപ, 1/- രൂപ എന്നിങ്ങനെയായിരുന്നു.

അനുബന്ധം - II
നക്ഷത്രചിഹ്നമിട്ട ചോദ്യം 12 (*266) കാണുക

സംസ്ഥാനത്തെ കാർഷിക നികുതി സംബന്ധിച്ച വിശദാംശങ്ങൾ

എ - വ്യക്തികൾക്ക്

കാറ്റഗറി	നികുതിനിരക്ക്
1. 40,000 രൂപവരെ കാർഷികാദായം ലഭിക്കുന്നവർ	- ഇല്ല
2. 40,000 രൂപയ്ക്കുമേൽ 50,000 രൂപ വരെ	- 40,000 രൂപയ്ക്കുമേൽ വരുന്ന കാർഷികാദായത്തിന്റെ 20%
3. 50,000 രൂപയ്ക്കുമേൽ 60,000 രൂപവരെ	- 2000 രൂപയും 50,000 രൂപയ്ക്കുമേൽ വരുന്ന കാർഷികാദായത്തിന്റെ 30% ഉം ചേർന്ന തുക
4. 60,000 രൂപയ്ക്കുമേൽ 1,00,000 രൂപവരെ	- 5,000 രൂപയും 60,000 രൂപയ്ക്കുമേൽ വരുന്ന കാർഷികാദായത്തിന്റെ 40%-ഉം ചേർന്ന തുക.
5. ഒരു ലക്ഷം രൂപയ്ക്കുമുകളിൽ വരുന്നവർക്ക്	- 21,000 രൂപയും ഒരു ലക്ഷത്തിനുമേൽ വരുന്ന തുകയുടെ 50% -ഉം ചേർന്ന തുക.

ബി- ഫേമുകൾക്ക്

ആകെ കാർഷികാദായത്തിന്റെ 40% തുക കാർഷികാദായ നികുതിയായി നൽകണം.

സി- ഡൊമസ്റ്റിക് കമ്പനി, കോ-ഓപ്പറേറ്റീവ് സൊസൈറ്റി

കാറ്റഗറി	നികുതിനിരക്ക്
1. കാർഷികാദായം 25,000 രൂപയിൽ കവിയാത്തവയ്ക്ക്	- ആകെ കാർഷികാദായത്തിന്റെ 45%
2. കാർഷികാദായം 25,000 രൂപയ്ക്ക് മേൽ ഒരുലക്ഷം വരെ	- ആകെ കാർഷികാദായത്തിന്റെ 50%

LIBRARY ARCHIVES Kerala Legislative Assembly